**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1185** **05-03-2020 ൽ മറുപടിക്ക്**

**അയിരൂർപ്പാറയിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തൽ**

**ചോദ്യം**

ശ്രീ.എം. വിൻസെന്റ്

അയിരൂർപ്പാറ വില്ലേജിൽ ബ്ലോക്ക് 12 ൽ റീസർവ്വേ 520 ൽ സർക്കാർ റോഡ് പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് ബഹു. ഹൈക്കോടതിയുടെ 18.09.2019-ലെ WPC 23884/19 ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം അളവ് നടപടികൾ നടത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

തിരുവനന്തപുരം താലൂക്ക്, അയിരൂപ്പാറ വില്ലേജിൽ സർവ്വെ 520-ൽ ഉൾപ്പെട്ട 16.00 ആർസ് റോഡ് പുറമ്പോക്ക് സമീപവസ്തു ഉടമകളായ ശ്രീമതി. രമണി, ശ്രീമതി. ചിത്രലേഖ, ശ്രീ. സാബു എന്നിവർ കയ്യേറി കൈവശം വച്ചിട്ടുള്ളതായും, ആയതിനാൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ ഭൂമി സംരക്ഷിക്കണം എന്ന് ആവശ്യപ്പെട്ട് ശ്രീ.കെ.എസ്.സുരേഷ് എന്ന വ്യക്തി തിരുവനന്തപുരം ജില്ലാ കളക്ടർ, തിരുവനന്തപുരം താലൂക്ക് തഹസിൽദാർ, അയിരൂപ്പാറ വില്ലേജ് ആഫീസർ എന്നിവർക്ക് 29.07.2019 ൽ നിവേദനം നൽകിയിരുന്നു. ടി നിവേദനം പരിഗണിച്ച് തീർപ്പാക്കണം എന്നാവശ്യപ്പെട്ട് ശ്രീ. സുരേഷ് കെ.എസ്. ബഹു. ഹൈക്കോടതിയിൽ 23884/19 നമ്പരായി ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും, ടി റിട്ട് ഹർജി 03.09.2019 തീയതിയിൽ ബഹു. ഹൈക്കോടതി തീർപ്പാക്കിയിട്ടുള്ളതുമാണ്. ശ്രീ.കെ.എസ്. സുരേഷ് 29.07.2019 ൽ സമർപ്പിച്ച നിവേദനത്തിൻമേൽ ബന്ധപ്പെട്ട കക്ഷികളെ കേട്ട് വിധിപകർപ്പ് കിട്ടി മൂന്ന് മാസത്തിനകം തീർപ്പാക്കുവാനാണ് 03.09.2019 ൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ആയതിൻപ്രകാരം പാരതിക്കാരനെയും, എതിർകക്ഷികളെയും നേരിൽ കേട്ട് 13.12.2019 ൽ DCTVM/5954/2019/B12 നമ്പർ നടപടി ക്രമപ്രകാരം ശ്രീ. കെ.എസ് സുരേഷ് സമർപ്പിച്ച പരാതി തീർപ്പാക്കിയിട്ടുള്ളതാണ്. ജില്ലാ കളക്ടറുടെ മേൽ നടപടിക്രമത്തിലെ നിർദ്ദേശ പ്രകാരം അളവ് നടപടികൾ

നടത്തിയതിൽ അയിരൂപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 12, റീസർവ്വെ 520-ൽ ഉൾപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമിയിൽ കയ്യേറ്റം ഇല്ലായെന്ന് കണ്ടെത്തിയിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**